# കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്, സ്റ്റാഫ് നേഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് തസ്തികകളിലെ ഗ്രേഡ് 1 ഗ്രേഡ് 2 തസ്തികകൾ തമ്മിലുള്ള അനുപാതം സംബന്ധിച്ചും ഗ്രേഡ് I തസ്തികകളിലെ സംസ്ഥാനതല സ്ഥലംമാറ്റം നടത്തുന്നത് സംബന്ധിച്ചും - നിർദ്ദേശങ്ങൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്

സ.ഉ(സാധാ)നം.1662/2017/ആ.ക.വ. തിരുവനന്തപുരം, തീയതി, 14.06.2017.

പരാമർശം :- 1. 09.09.2016-ലെ 726640/സി2/2016/ആ.ക.വ നമ്പർ സർക്കാർ കത്ത്.

2. സ.ഉ (സാധാ) നം.3844/2010/ആ.ക.വ, തീയതി, 27.09.2010.
3. സ.ഉ (സാധാ) നം.741/2016/ആ.ക.വ, തീയതി, 02.03.2016.
4. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 910/2016 നമ്പർ കേസിലെ 21.12.2016-ലെ ഉത്തരവ്.
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 20.01.2017 തീയതിയിലെ ഇ.ജി.2-4000/16/ആ.വ.ഡ നമ്പർ കത്ത്.
6. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 623/2016 നമ്പർ കേസിലെ 03.04.2017 ലെ ഉത്തരവ്.

### <u>ഉത്തരവ്</u>

ജോലിയുടെ സ്വഭാവത്തിന് മാറ്റമില്ലാത്തതും എന്നാൽ ഒന്നിൽകൂടുതൽ ഗ്രേഡുകൾ ഉള്ളതുമായ തസ്തികയിലെ ജീവനക്കാർ (ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I & II, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് I & II, സ്റ്റാഫ് നേഴ്സ് ഗ്രേഡ് I & II, ലാബ് ടെക്നീഷ്യൻ ഗ്രേഡ് I & II, ഫാർമസിസ്റ്റ് ഗ്രേഡ് I & II) DRB ചട്ടങ്ങൾക്ക് വിധേയമായതിനാൽ റിക്രൂട്ട് ചെയ്യപ്പെട്ട ജില്ലക്ക് വെളിയിലേക്ക് സ്ഥലംമാറ്റം കഴിയില്ല എന്ന് പരാമർശം 1 പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണെന്നും, എന്നാൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 4-ലെ ഉത്തരവിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് I, സ്റ്റാഫ് നേഴ്സ് ഗ്രേഡ് I എന്നീ തസ്തികകൾ സംസ്ഥാന കേഡർ തസ്തികകൾ ആയി പ്രഖ്യാപിക്കുകയും ടി തസ്തികകളിലെ സ്ഥലംമാറ്റങ്ങൾ സീനിയോരിറ്റി അനുസരിച്ച് അന്തർ ജില്ലാ സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾക്ക് വിധേയമല്ലാതെ നടത്തണമെന്ന് വ്യക്തമാക്കിയിട്ടുമുള്ളതിനാൽ ടി ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ നൽകണമെന്ന് പരാമർശം 5 പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം 2-ലെ ഉത്തരവിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്, സ്റ്റാഫ് നേഴ്സ് എന്നീ തസ്തികകളിൽ റേഷ്യോ പ്രൊമോഷൻ (ഗ്രേഡ് 1) ലഭിക്കുമ്പോൾ സംസ്ഥാനതല തസ്തികയായി കണക്കാക്കുന്നത് പോലെ ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നീ തസ്തികകളിലും ഗ്രേഡ് 1 പ്രൊമോഷൻ ലഭിക്കുമ്പോൾ സംസ്ഥാനതല തസ്തികയായി പരിഗണിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവ് G.O(P)No.01/91/P&ARD dated, 07.01.1991 എന്ന ഉത്തരവിന് വിരുദ്ധമായതിനാൽ ആയത് പ്രകാരം എടുത്ത സ്ഥലം മാറ്റങ്ങൾ നിലനിർത്തിക്കൊണ്ട് ടി ഉത്തരവ് പ്രകാരം സെറ്റിൽ ചെയ്ത കേസുകൾ പുനഃ പരിശോധിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ പരാമർശം 3 പ്രകാരം പരാമർശം 2-ലെ ഉത്തരവ് റദ്ദാക്കുകയും ചെയ്തിരുന്നു. എന്നാൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 4-ലെ

ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം 3 ഉത്തരവിന്റെ പ്രസക്തി നഷ്ടപ്പെട്ടതായി കാണുന്നു. കൂടാതെ പരാമർശം 6 പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം 3-ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3) ഈ സാഹചര്യത്തിൽ ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്, സ്റ്റാഫ് നേഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് തസ്തികകളിലെ ഗ്രേഡ് 1 ഗ്രേഡ് 2 തസ്തികകൾ തമ്മിലുള്ള അനുപാതം സംബന്ധിച്ചും ഗ്രേഡ് I തസ്തികകളിലെ സംസ്ഥാനതല സ്ഥലം മാറ്റം നടത്തുന്നത് സംബന്ധിച്ചും ചുവടെ പറയുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഗ്രേഡ് 1, ഗ്രേഡ് 2 തസ്തികകളുടെ അനുപാതം ജില്ലാ തലത്തിൽ 1 : 1 ആയി നില നിർത്തേണ്ടതാണ്.

ii) ഗ്രേഡ് 1 തസ്തികയിൽ ഉണ്ടാകുന്ന ഒഴിവ് ഗ്രേഡ് 2 തസ്തികയിലെ ഒഴിവ് ആയി കണ്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്ന രീതി ഉടനടി അവസാനിപ്പിക്കേണ്ടതാണ്.

iii) ഗ്രേഡ് 1 തസ്തികയിൽ വരുന്ന ഒഴിവ് സംസ്ഥാനതല സീനിയോരിറ്റി ലിസ്റ്റിലെ ഏറ്റവും സീനിയറായ ഗ്രേഡ് 2-വിന് സ്ഥാനക്കയറ്റം നൽകി നികത്തേണ്ടതാണ്. അപ്രകാരം സ്ഥാനക്കയറ്റം നൽകുമ്പോൾ സ്ഥാനക്കയറ്റം ലഭിച്ച വ്യക്തിയുടെ DRB ജില്ലയിൽ ഗ്രേഡ് 1 തസ്തികയിലെ അനുപാതം 50 ശതമാനത്തിൽ താഴെയാണെങ്കിൽ ടിയാനെ അതെ ജില്ലയിൽ നിലനിർത്തേണ്ടതാണ്. എന്നാൽ ടി ജില്ലയിൽ ഗ്രേഡ് 1 തസ്തികയിലെ അനുപാതം 50 ശതമാനത്തിൽ കൂടുതലാണെങ്കിൽ സ്ഥാനക്കയറ്റം ലഭിച്ച വ്യക്തിയെ ഗ്രേഡ് 1 തസ്തികയിലെ അനുപാതം 50 ശതമാനത്തിൽ കുറവുള്ള ജില്ലയിലേക്ക് സ്ഥലം മാറ്റേണ്ടതും ഇത്തരത്തിൽ DRB ജില്ലയിൽ ഗ്രേഡ് 2 തസ്തികയിൽ ഉണ്ടാകുന്ന ഒഴിവിലേക്ക് പുതിയ നിയമനം നടത്തേണ്ടതുമാണ്. അപ്രകാരം ഇപ്പോൾ ഗ്രേഡ് 1, ഗ്രേഡ് 2 തസ്തികകളിലെ അനുപാതത്തിൽ വ്യത്യാസമുള്ള ജില്ലകളിൽ കാലക്രമേണ അനുപാതം വ്യത്യാസം പരിഹരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രാജീവ് സദാനന്ദൻ,**
അഡീഷണൽ ചീഫ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യം).
ആരോഗ്യ കുടുംബക്ഷേമ (എച്ച്) വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.